# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE: 29/08/2026** |
| **Worksheet No: 1** | **Lesson: "മാതൃഭാഷ നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി"** | **Topic: OTQ** |

1) "മാതൃഭാഷ നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി"എന്ന ലേഖനത്തിന്റെ പ്രധാന പ്രമേയം എന്ത്?
2) മകൾ പച്ചക്കറികളുടെ പേര് ഏത് ഭാഷയിലാണ് പറഞ്ഞത്?
3) മാതൃഭാഷയെ ലേഖകൻ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
4) ലേഖകന്റെ അഭിപ്രായത്തിൽ ഭാഷ എന്നത് എന്തിന്റെ രൂപമാണ്?
5) 'നമ്മൾ ശ്വസിക്കുന്ന വായുവിനെപ്പോലെ' എന്ന് ലേഖകൻ വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
6) ഭാഷ പഠിക്കുക എന്നത് ജീവിതത്തെ അറിയുക കൂടിയാണെന്ന് ലേഖകൻ പറയാൻ കാരണമെന്ത്?
7) മാതൃഭാഷയോടുള്ള അവഗണന എന്തിനെയാണ് നശിപ്പിക്കുന്നത് ?
8) മകൾ പച്ചക്കറിക്കടയിൽ ഓരോന്നും തൊട്ടു കാണിച്ചു ചോദിച്ചത് എന്തുകൊണ്ടാണ്?
9) വീട്ടിൽ വന്നശേഷം ലേഖകനും ഭാര്യയും തമ്മിലുണ്ടായ തർക്കത്തിന്റെ വിഷയം എന്തായിരുന്നു?
10) ഭാര്യയുടെ അഭിപ്രായത്തിൽ ഇംഗ്ലീഷ് പഠിച്ചാലുള്ള ഗുണമെന്ത്?
11) ലേഖകന്റെ മകൾക്ക് ഇംഗ്ലീഷ് അല്ലാതെ മാതൃഭാഷ വഴങ്ങാത്തത് എന്തുകൊണ്ടാണ്?
12) ലേഖകൻ എഴുത്തും വായനയും അഭ്യസിച്ചത് ഏത് ഭാഷയിലാണ്?
13) മാതൃഭാഷ നന്നായി പഠിച്ചതുകൊണ്ട് ലേഖകന് ഉണ്ടായ ഗുണമെന്ത്?
14) ഒരു നാടിന്റെ വിചാരധാരയും ജീവിതവും രേഖപ്പെടുത്തുന്നത് ആരാണ്?
15) ലേഖകൻ പങ്കെടുത്ത സോഫ്റ്റ് വെയർ കമ്പനിയുടെ പരിപാടിയിൽ യുവാക്കൾ സംസാരിച്ച ഭാഷ ഏത്?
16) ലേഖകനെ സംബന്ധിച്ച് പേടിപ്പെടുത്തുന്ന ചിന്ത ഏതാണ്?
17) ലേഖകൻ യുവാവിനോട് "നിങ്ങളുടെ സ്ഥലമേതാ"? എന്നു ചോദിക്കാൻ കാരണമെന്ത്?
18) മാതൃഭാഷ നിർബന്ധമായും പഠിക്കണമെന്ന് ശഠിക്കുന്നത് ആരാണ്?
19) 'റെയിൻ റെയിൻ ഗോ എവേ' എന്ന പാട്ടിനു പകരം ഏത് പാട്ടാണ് മണ്ണ് ആഗ്രഹിക്കുന്നത് ?
20) 'മാതൃഭാഷ നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി' എന്ന ലേഖനം എഴുതിയത് ആര്?

ഉത്തരം

1) മാതൃഭാഷയുടെ പ്രധാന്യവും അതിന് ജീവിതത്തോടുള്ള ബന്ധവും
2) ഇംഗ്ലീഷ് ഭാഷയിൽ
3) നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദിയോട്
4) നമ്മുടെ ആവിഷ്കാരത്തിന്റെ രൂപം
5) മാതൃഭാഷയെ
6) ഒരു ജനതയുടെ സംസ്കാരം ഭാഷയിലൂടെയാണ് അറിയുന്നത്
7) നമ്മുടെ വ്യക്തിത്വത്തെ
8) പേരുകൾ മലയാളത്തിൽ അറിയാത്തതുകൊണ്ട്
9) മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകാത്തതിനാൽ
10) കുട്ടിയുടെ ഭാവിയിൽ പ്രയോജനപ്രദമാകും
11) സ്കൂളിലും ചുറ്റുപാടും ഇംഗ്ലീഷ് മാത്രം ഉപയോഗിച്ചതുകൊണ്ട്
12) കന്നഡ
13) മറ്റ് ഭാഷകൾ എളുപ്പത്തിൽ പഠിക്കാൻ കഴിഞ്ഞു
14) അവിടുത്തെ എഴുത്തുകാർ
15) ഇംഗ്ലീഷ്
16) മാതൃഭാഷ മറന്നു പോകുന്ന തലമുറയെ
17) എല്ലാവരും ഇംഗ്ലീഷിൽ മാത്രം സംസാരിച്ചതുകൊണ്ട്
18) ലേഖകൻ
19) മഴയെ സ്വാഗതം ചെയ്യുന്ന പാട്ടുകൾ
20) പ്രകാശ് രാജ്

***